"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.രാകേഷ്.പി.എം-ന് പഠനാർത്ഥം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1944/2022/LSGD തീയതി,തിരുവനന്തപുരം, 11-08-2022

---

പരാമർശം:-
1. സർക്കുലർ നം.36/94/ധന, തീയതി 14.06.1994.
2. ശ്രീ.രാകേഷ്.പി.എം-ന്റെ 02.07.2020ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 03.10.2019, 19.04.2022എന്നീ തീയതികളിലെ ഇ6-11790/19നമ്പർ കത്തുകൾ.

**ഉത്തരവ്**

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.രാകേഷ്.പി.എം-ന് പഠനാർത്ഥം 04.11.2019 മുതൽ 30.06.2020 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സിവിൽ സർവ്വീസ് പരിശീലനത്തിനായി അനുബന്ധം XII-B പ്രകാരമുള്ള അവധിയെടുത്ത് തിരികെ പ്രവേശിച്ച ശേഷം മറ്റൊരു സ്ഥാപനത്തിൽ അതേ പരിശീലനത്തിനായാണ് ടിയാൻ വീണ്ടും അവധി ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീ.രാകേഷ്.പി.എം 01.07.2020 ന് തിരികെ സേവനത്തിൽ പുനഃപ്രവേശിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു കോഴ്സിന്റെ പൂർണ്ണ കാലാവധിയിലേക്ക് മാത്രമേ അനുബന്ധം XII-B പ്രകാരമുള്ള അവധി അനുവദിക്കുവാനാകൂ എന്ന് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സിവിൽ സർവ്വീസ് പരിശീലനത്തിനായി അനുബന്ധം XII-B പ്രകാരമുള്ള അവധിയെടുത്ത് തിരികെ പ്രവേശിച്ച ശേഷം മറ്റൊരു സ്ഥാപനത്തിൽ അതേ പരിശീലനത്തിനായാണ് ടിയാൻ വീണ്ടും അവധി ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ഒരു കോഴ്സിന്റെ പൂർണ്ണ കാലാവധിയിലേക്ക് മാത്രമേ അനുബന്ധം XII-B പ്രകാരമുള്ള അവധി അനുവദിക്കുവാനാകൂ എന്ന ചട്ടം ഇളവ് ചെയ്ത് വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.രാകേഷ്.പി.എം-ന് പഠനാവശ്യത്തിനായി 04.11.2019 മുതൽ 30.06.2020 വരെ, കെ.എസ്.ആർ. , ഭാഗം I , അനുബന്ധം XII-B യിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, വയനാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.രാകേഷ്.പി.എം, ക്ലാർക്ക്, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പ് (11.07.2022ലെ 281/റൂൾസ്-ബി3/2018/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(201/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by Danuja M S
Date: 11-08-2022 11:37:53
സെക്ഷൻ ഓഫീസർ